"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്- സംസ്ഥാന ഇലക്ഷൻ കമ്മീഷനിൽ വാച്ച്മാൻ തസ്തികയിൽ ഡെപ്യൂട്ടേഷനിൽ നിയമിച്ചിരുന്ന ശ്രീ.ജെ.മനോജിനെ ടിയാന്റെ അപേക്ഷപ്രകാരം സർക്കാർ അനുവാദമില്ലാതെ വിടുതൽ ചെയ്ത സംസ്ഥാന ഇലക്ഷൻ കമ്മീഷൻ സെക്രട്ടറിയുടെ നടപടി സാധൂകരിച്ചുകൊണ്ടും അവശേഷിക്കുന്ന ഡെപ്യൂട്ടേഷൻ കാലയളവ് റദ്ദ് ചെയ്തുകൊണ്ടും ഉത്തരവ് - പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഇ എം) വകുപ്പ്

സ.ഉ.(സാധാ) നം.1045/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 04/06/2020

പരാമർശം:- 1 സംസ്ഥാന ഇലക്ഷൻ കമ്മീഷൻ സെക്രട്ടറിയുടെ 31.08.2019 ലെ എ1-2551-2017-എസ്ഇസി. നം. കത്ത്.

2 സ.ഉ.നം.ജി.ഒ.(ആർ.ടി.) 1670/2019/തസ്വഭവ തീയതി. 03.08.2019.

3 പ്രൊസീഡിംഗ്സ് നം. എ1/2551-2011-എസ്ഇസി തീയതി 29.08.2019.

**ഉത്തരവ്**

സംസ്ഥാന ഇലക്ഷൻ കമ്മീഷനിൽ വാച്ചമാൻ തസ്തികയിൽ ഡെപ്യൂട്ടേഷനിൽ നിയമിച്ചിരുന്ന ശ്രീ.ജെ.മനോജിനെ ഡെപ്യൂട്ടേഷൻ കാലാവധി അവസാനിക്കുന്നതിന് മുൻപ് വിടുതൽ നൽകിയതായും ആയതിന് സാധൂകരണം നൽകി സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്ന ഡെപ്യൂട്ടേഷൻ കാലയളവിലെ ഉപയോഗിക്കാത്ത കാലം റദ്ദ് ചെയ്യണമെന്നും പരാമർശം (1) മുഖേന ഇലക്ഷൻ കമ്മീഷൻ സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു.

(2) സർക്കാർ ഇക്കാര്യം പരിശോധിച്ചു പരാമർശം (2) -ലെ ഉത്തരവനുസരിച്ച് 31.03.2020 വരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ നിയമിക്കപ്പെട്ടിരുന്ന ശ്രീ.ജെ.മനോജിനെ സൂചന (3) പ്രകാരം 29.08.2019-ന് സർക്കാർ അനുവാദമില്ലാതെ വിടുതൽ ചെയ്ത സംസ്ഥാന ഇലക്ഷൻ കമ്മീഷൻ സെക്രട്ടറിയുടെ നടപടി സാധൂകരിച്ചുകൊണ്ടും അവശേഷിക്കുന്ന ഡെപ്യൂട്ടേഷൻ കാലയളവ് ( 30/08/2019 - 31/03/2020 ) റദ്ദ് ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**അനിൽ കുമാർ ജി**
ഡെപ്യൂട്ടിസെക്രട്ടറി

സെക്രട്ടറി, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.
ശ്രീ. മനോജ്. ജെ, വാച്ച്മാൻ, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ.
ഡയറക്ടർ, ടെക്നിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.ജി.) തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ),

തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Pradeep Kumar

സെക്ഷൻ ഓഫീസർ